# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/264/2017 2017 ഡിസംബർ 14

## പത്രക്കുറിപ്പ്

**മൂന്നാം സെമസ്റ്റർ പി ജി പരീക്ഷകൾക്ക് മാറ്റമില്ല**

ഇന്ന് (ഡിസംബർ 15) മുതൽ നടത്താൻ നിശ്ചയിച്ചിട്ടുളള എല്ലാ മൂന്നാം സെമസ്റ്റർ പി ജി പരീക്ഷകളും മുൻ നിശ്ചയ പ്രകാരം തന്നെ നടത്തുന്നതാണ്.

**ബി എസ് സി നഴ്സിംഗ് പരീക്ഷാകേന്ദ്രം**

ഇന്ന് (ഡിസംബർ 15) ആരംഭിക്കുന്ന ഒന്നാം വർഷ ബി എസ് സി നഴ്സിംഗ് ( പഴയ സ്കീം, സപ്ലിമെന്ററി) പരിക്ഷയ്ക്ക് പള്ളുരുത്തി സിമെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, കോതമംഗലം മാർ ബസേലിയോസ് കോളേജ് ഓഫ് നഴ്സിംഗ്, കോഴഞ്ചേരി എം ജി എം മുത്തൂറ്റ് കോളേജ് ഓഫ് നഴ്സിംഗ്, ഇരുമ്പനം മെഡിക്കൽ ട്രസ്റ്റ് കോളേജ് ഓഫ് നഴ്സിംഗ്, പത്തനംതിട്ട എം ജി എം എം എം സി കോളേജ് ഓഫ് നഴ്സിംഗ്, പരുമല സെന്റ് ഗ്രിഗോറിയോസ് കോളേജ് ഓഫ് നഴ്സിംഗ്, തിരുവല്ല റ്റി.എം എം കോളേജ് ഓഫ് നഴ്സിംഗ്, എന്നിവ പരിക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കോട്ടയം ഗാന്ധി നഗർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷനിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരിക്ഷ എഴുതേണ്ടതാണ്.

**എം.ഫിൽ വൈവാവോസി**

സ്കൂൾ ഓഫ് ഇന്റർ നാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടത്തുന്ന എം.ഫിൽ (2015-16 ബാച്ച്) പൊളിറ്റിക്സ് ആന്റ് ഇന്റർ നാഷണൽ റിലേഷൻസ് വൈവാവോസി ജനുവരി 4-ന് നടത്തുന്നതാണ്.

**വാക്ക്-ഇൻ-ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാറടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ/ഹാർഡ് വെയർ എൻജിനീയർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനായി ഡിസംബർ 22-ന് സർവ്വകലാശാല ആസ്ഥാനത്ത് വച്ച് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നതാണ്. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.ജി ഓൺലൈൻ ഫീസുകൾ പോസ്റ്റ് ഓഫിസുകൾ വഴിയും**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഓൺലൈൻ ഫീസുകൾ സ്വീകരിക്കുന്നതിന് കേരളത്തിലെ എല്ലാ പോസ്റ്റ് ഓഫീസുകളിലും സൗകര്യം ഒരുക്കിയ തപാൽ വകുപ്പ് മാതൃകപരമായ സേവനമാണ് നടത്തുന്നതെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രസ്താവിച്ചു. സർവ്വകലാശാല ഓൺലൈൻ ഫീസുകൾ സ്വീകരിക്കുന്നതിന് തപാൽ വകുപ്പ് ഏർപ്പെടുത്തിയ സേവനങ്ങളുടെ ഔപചാരിക ഉദ്ഘാടനം സർവ്വകലാശാല കാമ്പസിലെ പ്രിയദർശിനി ഹിൽസ് പോസ്റ്റ് ഓഫീസിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു വൈസ് ചാൻസലർ. കോട്ടയം പോസ്റ്റൽ ഡിവിഷൻ സർവ്വകലാശാലയുമായി ചേർന്ന് ആവിഷ്കരിച്ച ഈ പദ്ധതിയുടെ സ്വിച്ച് ഓൺ കർമ്മം സെൻട്രൽ റീജിയൻ പോസ്റ്റ് മാസ്റ്റർ ജനറൽ സുമതി രവിചന്ദ്രൻ നിർവ്വഹിച്ചു. കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളിലും ഈ സേവനം ലഭ്യമാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അവർ അറിയിച്ചു. കോട്ടയം പോസ്റ്റൽ ഡിവിഷൻ സീനിയർ സുപ്രണ്ട് അലക്സിൻ ജോർജ്ജ്, സെൻട്രൽ റീജിയൻ അസിസ്റ്റന്റ് ഡയറക്ടർ വി കെ രവിന്ദ്രനാഥ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. കേരളത്തിലെ എതു പോസ്റ്റ് ഓഫീസിലും എം ജി ഓൺലൈൻ ഫീസുകൾ സ്വീകരിക്കുന്നതാണ്.

**അടികുറിപ്പ്:** എം ജി സർവ്വകലാശാല ഓൺലൈൻ ഫീസുകൾ സ്വീകരിക്കുന്നതിന് തപാൽ വകുപ്പും സർവ്വകലാശാലയും ചേർന്ന് രൂപം കൊടുത്ത പദ്ധതിയുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രിയദർശിനി ഹിൽസ് പോസ്റ്റ് ഓഫീസിൽ നിർവ്വഹിക്കുന്നു. സെൻട്രൽ റീജിയൻ പോസ്റ്റ് മാസ്റ്റർ ജനറൽ സുമതി രവിചന്ദ്രൻ, കോട്ടയം പോസ്റ്റൽ ഡിവിഷൻ സീനിയർ സുപ്രണ്ട് അലക്സിൻ ജോർജ്ജ്, സെൻട്രൽ റീജിയൻ അസിസ്റ്റന്റ് ഡയറക്ടർ വി കെ രവിന്ദ്രനാഥ് എന്നിവർ സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**